REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 20-07-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **പാർലമെന്റ് വർഷകാല സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷിയോഗം തുടങ്ങി.**
- **മയക്കുമരുന്ന് രഹിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രധാന ചുവടുവയ്പ്പാണ് യുവ ആത്മീയ ഉച്ചകോടി എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **കേന്ദ്രീയ വിദ്യാലയങ്ങളിലെ NCERT പാഠപുസ്തകങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ മന്ത്രി V. ശിവൻകുട്ടി കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ടു.**
- **തീവ്ര മഴ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഒമ്പത് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**
  **കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മീൻ പിടുത്ത വിലക്ക്.**
- **ഇന്ത്യാ - ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം മറ്റന്നാൾ ചെസ്റ്റർ-ലെ-സ്ട്രീറ്റിൽ.**

## വാർത്തകൾ വിശദമായി

പാർലമെന്റ് വർഷകാല സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷിയോഗം ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസ് അനക്സിൽ പുരോഗമിക്കുന്നു. ഇരു സഭകളുടേയും സുഗമ പ്രവർത്തനത്തിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണം തേടാനാണ് യോഗം വിളിച്ചത്. നാളെയാരംഭിക്കുന്ന സമ്മേളനം ഓഗസ്റ്റ് 21 വരെ തുടരും. 21 ദിവസം രാജ്യസഭയും ലോക സഭയും സമ്മേളിക്കും.

കേന്ദ്രമന്ത്രിമാരായ ജെപി നദ്ദ, കിരൺ റിജിജു, സഹമന്ത്രിമാരായ അർജുൻ റാം മെഘ് വാൾ, ഡോ. എൽ മുരുകൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കോൺഗ്രസ് - NCP-SCP- DMK- സമാജ് വാദി പാർട്ടി പ്രതിനിധികളും യോഗത്തിനെത്തിയിട്ടുണ്ട്.

ജൻ വിശ്വാസ് ഭേദഗതി ബിൽ ഉൾപ്പെടെ നിരവധി പ്രധാന നിയമനിർമ്മാണങ്ങൾ പാർലമെന്റിന്റെ പരിഗണനയ്ക്ക് വരും. ദേശീയ-കായിക ഭരണ ബിൽ, മർച്ചന്റ്-ഷിപ്പിംഗ് ബിൽ എന്നിവയും സമ്മേളനകാലത്ത് പരിഗണിക്കും.

പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ തുടങ്ങിയ വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കാൻ ഇന്ത്യാ സഖ്യത്തിന്റെ ഇന്നലെ ചേർന്ന ഓൺലൈൻ യോഗം തീരുമാനിച്ചിരുന്നു.

✪✪✪

മയക്കുമരുന്ന് രഹിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രധാന ചുവടുവയ്പ്പാണ് യുവ ആത്മീയ ഉച്ചകോടി എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പങ്കുവെച്ച സാമൂഹിക മാധ്യമകുറിപ്പിന് മറുപടിയായാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. മയക്കുമരുന്ന് രഹിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ യുവ ആത്മീയ ഉച്ചകോടി എങ്ങനെ ഒരു പ്രധാന ചുവടുവയ്പ്പാകുമെന്ന് ഡോ. മാണ്ഡവ്യ വിശദീകരിക്കുന്നു ണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്........

മയക്കുമരുന്ന് രഹിത യുവത്വം വികസിത് ഭാരതത്തിനായി എന്ന പ്രമേയത്തിൽ കാശിയിലെ പുണ്യഘട്ടങ്ങളിലാണ് രണ്ടു ദിവസത്തെ 'യുവജന ആത്മീയ ഉച്ചകോടിയ്ക്ക് ഇന്നലെ തുടക്കമായത്. മയക്കുമരുന്ന് ആസക്തിക്കെതിരെ രാജ്യവ്യാപകമായ യുവജന പ്രസ്ഥാനത്തിന്റെ തുടക്കമാണ് ഇതെന്നും ദേശീയ ലക്ഷ്യത്തിനായി ആത്മീയ ഉണർവാണ് ഇതെന്നും ഡോ. മൻസുഖ് മാണ്ഡവ്യ അഭിപ്രായപ്പെട്ടിരുന്നു. ഉച്ചകോടിയുടെ ഭാഗമായി ബോധവത്കരണ സെഷനുകൾ, പ്രതിജ്ഞകൾ, യുവജന കേന്ദ്രീകൃത പ്രചാരണം എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. 2047 ആകുമ്പോഴേക്കും വികസിതവും മയക്കുമരുന്ന് രഹിതവുമായ ഇന്ത്യ സൃഷ്ടിക്കുന്ന ദൗത്യത്തിൽ യുവജനങ്ങളെ ഉൾപ്പെടുത്തുന്നതിന് ഗവൺമെന്റ് നൽകുന്ന പ്രാധാന്യം അടിവരയിടുന്നതാണ് യുവജന ആത്മീയ ഉച്ചകോടി.

✪✪✪

ഗുജറാത്തിലെ കച്ചിന്റെ പ്രകൃതി സൗന്ദര്യം പങ്കുവെക്കാനും മോട്ടോർ സൈക്കിൾ യാത്രികരെ അവിടേയ്ക്ക് ആകർഷിക്കാനും നടത്തുന്ന ശ്രമങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രശംസിച്ചു.

സ്ഥലം സന്ദർശിച്ച മോട്ടോർ കമ്പനി പ്രതിനിധികൾ പ്രധാനമന്ത്രിക്ക് 'റാൺ ഉത്സവ് 2025'ന്റെ കോഫി ടേബിൾബുക്ക് കൈമാറിയിരുന്നു.

കച്ചിനെ ടൂറിസം കേന്ദ്രമാക്കാൻ ഗവൺമെന്റ് ആവിഷ്കരിച്ച നടപടികളെ ഇവരുടെ ദൗത്യം പ്രചോദിപ്പിതായി പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ആം ആദ്മി പാർട്ടി, ഇന്ത്യാ സഖ്യത്തിൽ നിന്ന് പിന്മാറിയതായി മുതിർന്ന പാർട്ടി നേതാവ് സഞ്ജയ് സിംഗ് അറിയിച്ചു. കഴിഞ്ഞ വർഷത്തെ പൊതു തെരഞ്ഞെടുപ്പിന് വേണ്ടി മാത്രമാണ് ഇന്ത്യ സംഖ്യം രൂപീകരിച്ചതെന്നും അതിനുശേഷം ഹരിയാന, ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പുകളിൽ AAP ഒറ്റയ്ക്ക് മത്സരിച്ചെന്നും സഞ്ജയ് സിംഗ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന്റെഭാഗമായി വീഡിയോ കോൺഫ്രൻസിലൂടെ ചേർന്ന ഇന്ത്യാ സഖ്യ യോഗത്തിൽ നിന്ന് ആം ആദ്മി പാർട്ടി വിട്ട് നിന്നിരുന്നു.

✪✪✪

ഇന്ന് അന്താരാഷ്ട്ര ചാന്ദ്ര ദിനം. 1969 ജൂലായ് 20 ന് അമേരിക്കൻ ബഹിരാകാശയാത്രികരായ നീൽ ആംസ്ട്രോങ്ങും, ബസ് ആൽഡ്രിനും അപ്പോളോ 11 ദൗത്യത്തിൽ ചന്ദ്രനിലെത്തിയ ദിനം അനുസ്മരിച്ചാണ് എല്ലാ വർഷവും ജൂലൈ 20 ചാന്ദ്രദിനമായി ആചരിക്കുന്നത്. മനുഷ്യ ചരിത്രത്തിലെ ഏറ്റവും അവിസ്മരണീയമായ നിമിഷങ്ങളിലൊന്നിന്റെ ഓർമ്മപ്പെടുത്തലാണ് ഈ ദിവസം.

✪✪✪

ജമ്മു കശ്മീരിലെ അമർനാഥ് സന്ദർശിച്ച തീർത്ഥാടകരുടെ എണ്ണം രണ്ടേമുക്കാൽ ലക്ഷത്തിലധികമായി. 4,388 പേരുടെ പുതിയ തീർത്ഥാടക സംഘം ഇന്ന് കശ്മീരിൽ നിന്ന് യാത്ര തിരിച്ചു. 18 ദിവസത്തിനുള്ളിൽ സന്ദർശകരുടെ എണ്ണം മൂന്ന് ലക്ഷം കവിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

കേന്ദ്രീയ വിദ്യാലയങ്ങളിലെ NCERT പാഠപുസ്തകങ്ങൾ ആദ്യ പാദ പരീക്ഷയായിട്ടും ലഭ്യമാക്കാത്തതിൽ മന്ത്രി V. ശിവൻകുട്ടി കേന്ദ്രത്തിന്റെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടു. അഞ്ച്, എട്ട് ക്ലാസുകളിലെ

വിദ്യാർത്ഥികൾ പുസ്തകങ്ങൾ കിട്ടാതെ പ്രതിസന്ധിയിലായിരിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. വിദ്യാർത്ഥികളുടെ ഭാവി മുൻ നിർത്തി പാഠപുസ്തകങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്നും ശിവൻകുട്ടി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

✪✪✪

തീവ്ര മഴ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഒമ്പത് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത നൽകി. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. വരും ദിവസങ്ങളിലും മഴ ശക്തമാകുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്.

കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ  വരെ മീൻ പിടുത്തത്തിന് വിലക്ക് ഏർപ്പെടുത്തി. ഈ ദിവസങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

✪✪✪

ഇന്ന് നടക്കേണ്ടിയിരുന്ന വേൾഡ് ചാമ്പ്യൻഷിപ്പ് ഓഫ് ലെജൻഡ്സ് ക്രിക്കറ്റിലെ ഇന്ത്യ-പാകിസ്താൻ മത്സരം റദ്ദാക്കി. ആരാധകരുടെ വികാരം വ്രണപ്പെടുത്തിയതിനും ഇന്ത്യൻ ക്രിക്കറ്റ് താരങ്ങൾക്കുണ്ടായ ബുദ്ധിമുട്ടിനും ക്ഷമ ചോദിക്കുന്നതായി സംഘാടകർ അറിയിച്ചു.

ഇരു രാജ്യങ്ങൾക്കുമിടയിലെ സംഘർഷങ്ങളിൽ താരങ്ങളുടെ വികാരം മാനിച്ചാണ് തീരുമാനം.

✪✪✪

ഇന്ത്യാ - ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം മറ്റന്നാൾ  ചെസ്റ്റർ-ലെ-സ്ട്രീറ്റിൽ തുടങ്ങും. ഇന്നലെ ലോർഡ്സിൽ രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ട് ഇന്ത്യയെ എട്ട് വിക്കറ്റിന് തോൽപ്പിച്ചിരുന്നു. ഇതോടെ മൂന്ന് മത്സര പരമ്പര 1-1 ന് സമനിലയിലായി.

✪✪✪

കേരള ക്രിക്കറ്റ് ലീഗിന്റെ സീസൺ-2 വൈകിട്ട് തിരുവനന്തപുരത്ത് മന്ത്രി V. അബ്ദുറഹ്മാൻ ലോഞ്ച് ചെയ്യും. KCL ന്റെ ഭാഗ്യചിഹ്നങ്ങളും നിശാഗന്ധിയിൽ മന്ത്രി പ്രകാശനം ചെയ്യും. ഫാൻ ജേഴ്സി ക്രിക്കറ്റ് താരങ്ങളായ സഞ്ജുസാംസണും സൽമാൻ നിസാറും പുറത്തിറക്കും.

✪✪✪

ഇന്ന് അന്താരാഷ്ട്ര ചെസ് ദിനം. 1924-ൽ ഫിഡെ സ്ഥാപിതമായതിന്റെ സ്മരണക്കാണ് എല്ലാ വർഷവും ജൂലൈ 20 ആഗോള ചെസ് ദിനമായി ആഘോഷിക്കുന്നത്. ഓരോ നീക്കവും പ്രധാനമാണ് എന്നതാണ് ദിനത്തിന്റെ പ്രമേയം. ചെസ് ബോർഡിലും ജീവിതത്തിലും ഓരോ നീക്കവും പ്രധാനമാണ് എന്ന് ദിനം ഓർമ്മപ്പെടുത്തുന്നു.

✪✪✪

ഡോ. B.C റോയ് ട്രോഫി ജൂനിയർ ആൺകുട്ടികളുടെ ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് നാളെ പഞ്ചാബിലെ അമൃത്സറിൽ ആരംഭിക്കും. തെലങ്കാനയും ഗോവയും തമ്മിലാണ് ഉദ്ഘാടന മത്സരം. 10 ദിവസത്തെ ടൂർണമെന്റിൽ 16 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ടീമുകൾ പങ്കെടുക്കും

✪✪✪

കാലിക്കറ്റ് സർവകലാശാല സ്റ്റേഡിയത്തിലെ കോളെജ് സ്പോർട്സ് ലീഗ് ഫുട്ബോളിൽ മത്സരങ്ങൾ പുരോഗമിക്കുന്നു.

തിരുവനന്തപുരം LLNCPE - ഗുരുവായൂർ ശ്രീകൃഷ്ണയേയും, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് - കോഴിക്കോട് ഗുരുവായൂരപ്പൻ കോളജിനേയും, പയ്യന്നൂർ കോളേജ് - കോതമംഗലം MA കോളജിനേയും ഉച്ചയ്ക്ക് നേരിടും.

വൈകീട്ട് കോട്ടയം ബസേലിയോസ് കോളജ് - കാലടി യൂണിവേഴ്സിറ്റിയേയും കൊല്ലം SN കോളേജ് - തൃശൂർ കേരള വർമ്മയേയും നേരിടും.

✪✪✪

അനർട്ടുമായി ബന്ധപ്പെട്ട് ഉന്നയിച്ച അഴിമതി ആരോപണങ്ങൾക്ക് വൈദ്യുതി മന്ത്രി ഇതുവരെ മറുപടി നൽകിയില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. കണ്ണൂരിൽ വാർത്ത സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ ജനങ്ങളുടെയും കേന്ദ്ര ഗവൺമെന്റിന്റേയും പണം ഉപയോഗപ്പെടുത്തിയാണ് അഴിമതി നടത്തിയതെന്ന് അദ്ദേഹം ആരോപിച്ചു.

ഈ വിഷയത്തിൽ നിന്ന് മന്ത്രിക്ക് ഒഴിഞ്ഞുമാറാൻ ആവില്ലെന്നും 5 ലക്ഷം രൂപ വരെ മാത്രം ടെൻഡർ ചെയ്യാൻ അധികാരമുണ്ടായിരുന്ന അനർട്ട് CEO 240 കോടി രൂപയുടെ ടെണ്ടറുകളാണ് നടത്തിയതെന്നും രമേശ് ചെന്നിത്തല പറഞ്ഞു. PM കുസും പദ്ധതി പ്രകാരം 100 കോടിയിലധികം രൂപയുടെ അഴിമതി നടത്തിയതായും ചെന്നിത്തല ആരോപിച്ചു.

✪✪✪

ഷാർജയിൽ കൊല്ലം സ്വദേശിനിയെ ഫ്ളാറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ഷാർജ പൊലീസ് അന്വേഷണം ആരംഭിച്ചു. തേവലക്കര തെക്കുംഭാഗം സ്വദേശിനി അതുല്യ ശേഖറാണ് മരിച്ചത്. 30 വയസായിരുന്നു. ഭർത്താവ് ഉപദ്രവിക്കുന്നതായി നേരത്തേ പൊലീസിൽ പരാതി നൽകിയിട്ടുണ്ടെന്ന് ബന്ധുക്കൾ അറിയിച്ചു.

ഭർത്താവ് സതീഷിനെതിരെ ചവറ തെക്കും ഭാഗം പോലീസ് കൊലപാതക കുറ്റം ചുമത്തി കേസെടുത്തു. ശാരീരിക പീഡനം, സ്ത്രീധന പീഡനം എന്നീ വകുപ്പുകൾ ചുമത്തി.

✪✪✪

ആരോഗ്യ രംഗത്ത് വീണ്ടും മാതൃകാപരമായ ഇടപെടലിന് ഒരുങ്ങുകയാണ് കാസർകോട് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്. 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൊയോങ്കര ഗവൺമെന്റ് ആയുർവേദ ആശുപത്രി കേന്ദ്രീകരിച്ച് ആരംഭിക്കുന്ന സ്പന്ദനം പദ്ധതി ആരോഗ്യ രംഗത്ത് പുതിയ ചുവടുവെപ്പാകും.

കൂടുതൽ വിവരങ്ങളുമായി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ

.....വോയ്സ്.........

✪✪✪

വേടന്റെയും ഗൗരി ലക്ഷ്മിയുടെയും പാട്ട് പാഠ്യപദ്ധതിയിൽ നിന്ന് നീക്കം ചെയ്യുന്നത് പ്രതിഷേധാർഹമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. കോഴിക്കോട് സർവകലാശാലയിലെ ബിരുദ പാഠ്യപദ്ധതിയിൽ നിന്ന് വേടൻ, ഗൗരി ലക്ഷ്മി എന്നിവരുടെ റാപ്പ് ഗാനങ്ങൾ നീക്കം ചെയ്യണമെന്ന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിരുന്നു.

✪✪✪

കോഴിക്കോട് കൂടരഞ്ഞി പുവാറൻതോട് തമ്പുരാൻ കൊല്ലിയിൽ ജനവാസ മേഖലയിൽ കാട്ടാന ഇറങ്ങി വ്യാപകമായി കൃഷി നശിപ്പിച്ചു. ഇന്ന് പുലർച്ചെയായിരുന്നു സംഭവം.

✪✪✪

വയനാട് മേപ്പാടിയിൽ ജനവാസ മേഖലയിൽ ആനയിറങ്ങി. കുന്നംമ്പറ്റയിലാണ് ഇന്നലെ രാത്രിയിൽ കാട്ടാന ഇറങ്ങിയത്.

✪✪✪

*News Editor & Reader : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ , രജ്ന കെ*
*DEO: സി കെ സുബോധ്*